# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റദൂഷ്യത്തിനും അധികാരദുർവിനിയോഗത്തിനുമെതിരെ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5282 — 31/10/2016-ൽ മറുപടി

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് വകുപ്പിൽ വിവിധ ഉദ്യോഗസ്ഥർക്കെതിരെയുള്ള പെരുമാറ്റദൂഷ്യം, അധികാര ദുർവിനിയോഗം തുടങ്ങിയ പരാതികൾ ഗൗരവപൂർവ്വം അന്വേഷിച്ച് മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | ഇത്തരം പരാതികൾ ഗൗരവപൂർവ്വം തന്നെ അന്വേഷിക്കുകയും ആവശ്യമായ കേസുകളിൽ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളിലാണ് അന്വേഷണം പൂർത്തിയാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ അവശേഷിക്കുന്നത്; | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 15685 പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 159 പരാതികളിൽ അന്വേഷണ നടപടികൾ പൂർത്തിയാക്കുവാനായിട്ടുണ്ട്. |
| (സി) | പോലീസ് വകുപ്പിൽ ഉദ്യോഗസ്ഥനും തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്നതുമായ ഹെഡ് കോൺസ്റ്റബിൾ ശ്രീ. സുരേഷ് കുമാറിനെതിരെ (ഗ്രേഡ് എസ്.ഐ. റ്റി. 9291) അയൽക്കാരന്റെ അതിര് കൈയ്യേറ്റത്തിനും തെറിവിളിച്ചതിനും ഭീഷണിപ്പെടുത്തിയതിനും 2015 ഒക്ടോബർ മാസം ആഭ്യന്തര സെക്രട്ടറിക്ക് പരാതി ലഭിച്ചിരുന്നോ; പ്രസ്തുത പരാതി ലഭിച്ച് ഒരു വർഷമായിട്ടും നടപടി എടുക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ലഭിച്ചിരുന്നു. ശ്രീ. അഗസ്റ്റിൻ എന്നയാൾ എ.എസ്.ഐ.ഗ്രേഡ് 9291 ശ്രീ. സുരേഷ് കുമാറിനെതിരെ സമർപ്പിച്ച പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പരാതിക്കാരനും എതിർകക്ഷിയും ബന്ധുക്കളാണെന്നും വസ്തു സംബന്ധമായ തർക്കമാണ് പരാതിക്കാധാരമെന്നും പ്രസ്തുത വസ്തു തർക്കം സംബന്ധിച്ച് താലൂക്ക് തഹസീൽദാർ ഓഫീസിൽ നിന്നും സർവ്വേ ഉദ്യോഗസ്ഥരെത്തി അതിർത്തി നിർണ്ണയിച്ചിട്ടുള്ളതായും അറിവായിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് പരാതിക്കാരനും പ്രതിയായ പോലീസുകാരനും എന്നാണ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയതെന്നും അവ ആഭ്യന്തര സെക്രട്ടറിക്ക് എന്നാണ് അയച്ചു നൽകിയതെന്നും വ്യക്തമാക്കുമോ; | വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് പരാതിക്കാരൻ ശ്രീ. അഗസ്റ്റിൻ ജെ., തയ്യാറാക്കിയ പ്രിന്റഡ് സ്റ്റേറ്റ്മെന്റ് 26/02/2016 തീയതിയിലും, എതിർകക്ഷിയായ ശ്രീ. സുരേഷ് കുമാർ (പോലീസ് ഉദ്യോഗസ്ഥൻ) 29/11/2015 തീയതിയിലുമാണ് സ്റ്റേറ്റ്മെന്റുകൾ നൽകിയിരുന്നത്. ഈ സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |
| (ഇ) | പരാതിക്കാരൻ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നാണ് പരാതിക്കാരൻ ആഭ്യന്തര സെക്രട്ടറിക്ക് ലഭ്യമാക്കിയത്; | 02/04/2016-ൽ |
| (എഫ്) | പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കുമോ; പ്രസ്തുത പരാതിയിൽ വേഗം അന്വേഷണം പൂർത്തിയാക്കി കുറ്റക്കാരനെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിച്ച് വിവരം സഭയുടെ മേശപ്പുറത്ത് വെയ്ക്കുമോ? | പരാതിക്കാരന്റെ പരാതിക്കാധാരമായ വിഷയത്തിൽ താലൂക്ക് തഹസീൽദാർ പരിഹാരം കണ്ടെത്തിയതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ടിയാന് മറ്റു പരാതികൾ എന്തെങ്കിലും ഇനിയും അവശേഷിക്കുന്നെങ്കിൽ ഉചിത മാർഗ്ഗേന ഉന്നയിച്ച് പരിഹാരം തേടാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**